പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 1664 | 17.06.2013-ൽ മറുപടിക്ക്.

## പുതിയതായി സ്ഥാപിക്കുന്ന ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് പുതുതായി ഫസ്റ്റ്ക്ളാസ്സ് മജിസ്ട്രേറ്റ് കോടതി സ്ഥാപിക്കുന്നതിനു വേണ്ടി മുൻഗണനാ ലിസ്റ്റ് നിലവിലുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | : (എ) സർക്കാർ ഉത്തരവ് (സാധാ) നമ്പർ:1919/2009/ആഭ്യന്തരം തീയതി 06.07.2009 പ്രകാരം സംസ്ഥാനത്ത് മുൻസിഫ് കോർട്ട്/ മുൻസിഫ് മജിസ്ട്രേറ്റ് കോർട്ട്/ ജുഡീഷ്യൽ ഫസ്റ്റ്ക്ളാസ്സ് കോർട്ട്/ മൊബൈൽ കോർട്ട് തുടങ്ങിയവ സ്ഥാപിക്കുന്ന തിലേയ്ക്കായി ഒരു മുൻഗണനാ ലിസ്റ്റ് നിലവിലുണ്ട്. അതിൻപ്രകാരം കൽപ്പറ്റ, വെള്ളരിക്കുണ്ട്, കടയ്ക്കൽ എന്നിവിടങ്ങളിലായി മൂന്ന് ജുഡ്യഷ്യൽ ഫസ്റ്റ് ക്ളാസ്സ് കോടതി-കളുടെയും വടക്കൻ പറവൂർ, ആലപ്പുഴ, ചങ്ങനാശ്ശേരി, കൊല്ലം, കോട്ടയം, ആലുവ, പരപ്പനങ്ങാടി എന്നിവിടങ്ങളിലായി ഏഴ് അഡീഷണൽ ഫസ്റ്റ്ക്ളാസ്സ് മജിസ്ട്രേറ്റ് കോടതികളുടെയും തൃശ്ശൂർ, മഞ്ചേരി, എറണാകുളം, തിരുവനന്തപുരം, കൊല്ലം എന്നിവിടങ്ങളിലായി അഞ്ച് ജുഡീഷ്യൽ ഫസ്റ്റ്ക്ളാസ്സ് മജിസ്ട്രേറ്റ് (മൊബൈൽ) കോടതികളുടെയും പാറശ്ശാല, ശ്രീകണ്ഠപുരം, കാട്ടാക്കട, കഴക്കൂട്ടം, കോതമംഗലം, മല്ലപ്പള്ളി, കായംകുളം, അടിമാലി, ഇരിട്ടി, അടൂർ, തൃപ്രയാർ എന്നിവിടങ്ങളിലായി 11 മുൻസിഫ് മജിസ്ട്രേറ്റ് കോടതികളുടെയും മുൻഗണനാ പട്ടികയാണ് നിലവിലുള്ളത്. |

(മറുപുറം)

(ബി) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടിയിൽ പുതിയ മജിസ്ട്രേറ്റ് കോടതി സ്ഥാപിക്കണം എന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

: (ബി) & (സി)

ഉണ്ട്. കൊണ്ടോട്ടിയിൽ പുതിയതായി ഒരു ജുഡീഷ്യൽ ഫസ്റ്റ്ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി സ്ഥാപിക്കുന്ന കാര്യം ഹൈക്കോടതിയുടെ സജീവ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ